'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറായ ശ്രീ. പി. കേശവൻ നായരുടെ കരാർ നിയമന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2333/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/10/2019

---

പരാമർശം:- 1 08.10.2019-ലെ സ.ഉ(സാധാ)നം.2590/2018/ത.സ്വ.ഭ.വ.

2 ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 05.10.2019 ലെ

എ30/സി.കെ.സി.എൽ/2018 നം. കത്ത്.

**ഉത്തരവ്**

ശ്രീ.പി. കേശവൻ നായർക്ക് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി പരാമർശ സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ പ്രതിമാസം 75,000/- രൂപ വേതനത്തിൽ (consolidated pay) നിയമനം നൽകിയിരുന്നു. പ്രസ്തുത കരാർ നിയമനത്തിന്റെ കാലാവധി 10.10.2019-ൽ അവസാനിക്കുന്നതിനാൽ 02.09.2019-ൽ ചേർന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗം ടിയാന്റെ കരാർ നിയമനം ഒരു വർഷത്തേക്ക് കൂടി ദീർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു. ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ കരാർ നിയമന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് പരാമർശം(2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറായ ശ്രീ. പി. കേശവൻ നായരുടെ കരാർ നിയമന കാലാവധി 10.10.2019 മുതൽ പ്രതിമാസ വേതനത്തിൽ മാറ്റമില്ലാതെ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ